"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ വകുപ്പ് - 18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതികൾ- കർമ്മ പദ്ധതി തയ്യാറാക്കുന്നത് - നോഡൽ ഓഫീസർ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.16/2024/CSIND തീയതി,തിരുവനന്തപുരം, 20-05-2024

---

പരാമർശം:- 1. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 16.05.2024 ലെ PIEM 2/19/2024-PIEMD നമ്പർ സർക്കുലർ.

**<u>ഉത്തരവ്</u>**

വിവിധ വകുപ്പുകളിൽ അടുത്ത 18 മാസത്തിനുള്ളിൽ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ, പ്രവർത്തി ആരംഭിക്കാൻ സാധിക്കുന്ന പദ്ധതികൾ (ടെൻഡർ നടപടികൾ പൂർത്തികരിച്ച്), പദ്ധതി ആവിഷ്കരണം/ നയരൂപീകരണം നടത്തി ബഡ്ജറ്റിലൂടെ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്നിവ കണ്ടെത്താനും, പദ്ധതി പൂർത്തീകരണത്തിനായുള്ള ടൈംലൈൻ, ഫണ്ട് ആവശ്യതകൾ എന്നിവ വ്യക്തമാക്കി ഒരു കർമ്മ പദ്ധതി തയ്യാറാക്കുവാനും, ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി 2024 മെയ് മാസം നടത്തിയ പ്രതിമാസ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നും, ഇതിലേക്കായി ഭരണ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടതാണെന്നും പരാമർശം (2) ലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പദ്ധതികളുടെ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള നോഡൽ ഓഫീസറായി വകുപ്പിലെ അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിലെ ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയിൽ നിന്ന് മാറുമ്പോൾ പകരം നിയമിതനാകുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ ആയിരിക്കും നോഡൽ ഓഫീസറായി പ്രവർത്തിക്കേണ്ടതെന്ന് വ്യക്തമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJI KUMAR J
സ്പെഷ്യൽ സെക്രട്ടറി

ശ്രീ അജിത് പ്രസാദ് എ, അണ്ടർ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ1/128/2024/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 20-05-2024 15:11:59
സെക്ഷൻ ഓഫീസർ

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്